ചീഫ് എഞ്ചിനിയറുടെ കാര്യാലയം ജലസേചനവും ഭരണവും തിരുവനന്തപുരം

ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ- ശിവദാസൻ.എം. )

വിഷയം : ജലസേചനം - വിജിലൻസ് - അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിൽക്കുന്ന ശ്രീ.ബിജു.ബി, അസിസ്റ്റന്റ് എഞ്ചിനീയറെ - സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) 29.01.2024 ലെ CEIA/3163/23/VIG7 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
2) 31.07.2024 ലെ CEIA/3163/23/VIG7 നമ്പർ ഉത്തരവ്
3) 12.08.2024 ലെ അന്വേഷണ റിപ്പോർട്ട്
4) 30.08.2024 - ലെ CEIA/3163/23/VIG7 നമ്പർ കാരണം കാണിക്കൽ നോട്ടീസ്

<u>ഉത്തരവ് നമ്പർ CEIA / 3163 / 2023 / VIG.7 തീയതി 09-10-2024</u>

—

കണ്ണൂർ, പഴശ്ശി ഇറിഗേഷൻ പ്രോജക്ട് സെക്ഷനിൽ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ.ബിജു.ബി, 20 വർഷത്തെ ശൂന്യവേതനാവധിക്ക് ശേഷം 10.07.2023 ന് സർവ്വീസിൽ പുനഃപ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടർന്നു. 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതിരിക്കുവാൻ കാരണം കാണിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം ശ്രീ.ബിജു.ബി യ്ക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി. ആയത് ടിയാന്റെ ലഭ്യമായ മേൽവിലാസത്തിൽ അയച്ചുവെങ്കിലും 'Addresse cannot be located' എന്ന കുറിപ്പോടെ ആയത് തപാൽ വകുപ്പ് മടക്കി നൽകി. ടി വിവരം ടിയാനെ അറിയിക്കുന്നതിനായി തുടർ നടപടിയായി പത്രപരസ്യം നൽകി. ആയതിനും ടിയാൻ മറുപടി നൽകിയില്ല.

തുടർന്ന് പരാമർശം (2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ചു. പരാമർശം (3) പ്രകാരം ലഭിച്ച അന്വേഷണ റിപ്പോർട്ടിൽ നിന്നും ടിയാൻ ഇപ്പോൾ ദുബായിൽ ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുകയാണെന്ന് വ്യക്തമായി.

സർക്കാർ സർവ്വീസിലിരിക്കെ വിദേശത്ത് ജോലിയ്ക്കായി ശൂന്യവേതനാവധി എടുക്കുകയും യഥാസമയം തിരികെ ജോലിയിൽ പ്രവേശിക്കാതിരിക്കുക മാത്രമല്ല തുടർന്ന് അവധി അനുമതി ഇല്ലാതെ ദുബായിൽ ജോലിയിൽ തുടരുകയാണെന്നും അന്വേഷണത്തിൽ ബോധ്യപ്പെട്ടു. ആയത് ശ്രീ.ബിജു.ബി. യുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ കൃത്യ വിലോപമാണ്.

1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം 10.07.2023 മുതൽ ശ്രീ.ബിജു.ബി.യെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താല്ക്കാലിക തീരുമാനം അറിയിച്ചുകൊണ്ടുള്ള പരാമർശം (4) കാരണം കാണിക്കൽ നോട്ടീസ് ടിയാന് നൽകി.

കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റി 15 ( പതിനഞ്ച് ) ദിവസത്തിനകം മറുപടി

ലഭ്യമായില്ലെങ്കിൽ ടിയാന് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ സർക്കാർ സർവ്വീസിൽ നിന്നും 10.07.2023 തിയതി മുതൽ നീക്കം ചെയ്യുവാനുള്ള താല്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണെന്ന വിവരം നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കാരണം കാണിക്കൽ നോട്ടീസ് ലഭ്യമാക്കിയ ശേഷം നാളിതുവരെ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ.ബിജു.ബി.യെ 10.07.2023 മുതൽ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താല്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

Signed by Sivadasan M
Date: 09-10-2024 19:02:38
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്:-

ശ്രീബിജു.ബി,
അസിസ്റ്റന്റ് എഞ്ചിനീയർ ,
ബീനാ ഭവൻ, പോങ്ങമ്മൂട് പി.ഒ,
കിളിമാനൂർ, തിരുവനന്തപുരം – 695 601
Email.ID bijub_kurup@yahoo.com
PH: No. 971561449216

Copy to;1) സൂപ്രണ്ടിംഗ് എഞ്ചിനിയർ ,പ്രൊജക്റ്റ് സർക്കിൾ ,കണ്ണൂർ
2) എക്സിക്യൂട്ടീവ് എഞ്ചിനിയർ, പഴശ്ശി ഇറിഗേഷൻ പ്രൊജക്റ്റ് ഡിവിഷൻ , കണ്ണൂർ
3) ഡെപ്യൂട്ടി ചീഫ്എഞ്ചിനിയർ, ജലസേചനം (ഭരണം), തിരുവനന്തപുരം
4) എക്സിക്യൂട്ടീവ് എഞ്ചിനിയർ, IT സെൽ (to publish in official website)
5) വിജിലൻസ് 8 സെക്ഷൻ